(സി) ഉണ്ട്. 25-4-2015-ൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ ചേർന്ന യോഗത്തിൽ എയർപോർട്ട് ഡയറക്ടർ ഇക്കാര്യങ്ങൾ അറിയിച്ചിരുന്നു.

(ഡി) എയർപോർട്ട് മുഴുവനായി അടച്ചിടുന്നില്ല. 2015 സെപ്റ്റംബർ 15 മുതൽ 18 മാസക്കാലം പ്രതിദിനം 8 മണിക്കൂർ (പകൽ 12 മണി മുതൽ രാത്രി 8 മണി വരെ) റൺവേ ബലപ്പെടുത്തുന്നതിനും , ഇപ്പോൾ ഉണ്ടായിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിനുംവേണ്ടി റൺവേ ഉപയോഗം നിർത്തിവയ്ക്കുന്നതാണ്.

(ഇ) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. അറ്റകുറ്റപണികൾ 2015 സെപ്റ്റംബർ 15 മുതൽ ആരംഭിച്ച് ഏകദേശം 18 മാസക്കാലം കൊണ്ട് പൂർത്തിയാക്കാനാണ് പദ്ധതി.

(എഫ്) അറ്റകുറ്റപ്പണികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാനും അതുവരെ പ്രതിദിനം 16 മണിക്കൂർ റൺവേയുടെ ക്ഷമതയ്ക്കുചേർന്ന വിമാനങ്ങൾ സർവ്വീസ് നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് പീഡനത്തെത്തുടർന്നുള്ള ആത്മഹത്യകൾ

170 (174) <u>ശ്രീ. രാജു എബ്രഹാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ജാമ്യത്തിൽ വിട്ടയക്കപ്പെട്ട എത്രയാളുകൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ ചോദ്യം ചെയ്യലിനേയും പോലീസിന്റെ മറ്റു നിലയിലുള്ള ഇടപെടലുകളെയും തുടർന്ന് ആത്മഹത്യ ചെയ്യുകയുണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ മർദ്ദനത്തിനിരയായ രാജാജി നഗറിലെ സുജിത്ത് (ജിത്തു) എന്ന യുവാവിന്റെ ആത്മഹത്യയെ തുടർന്ന്, പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; മേൽപ്പറഞ്ഞ യുവാവിനെ സ്റ്റേഷനിൽ മർദ്ദിച്ച പോലീസുകാർ ആരൊക്കെയായിരുന്നു ; അവർക്കെതിരെ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് കസ്റ്റഡിയിൽ നിന്നും വിട്ടയച്ചതിനുശേഷം സുജിത്ത്, S/o സുനിൽകുമാർ എന്നൊരാൾ ആത്മഹത്യ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (കന്റോൺമെന്റ് പോലീസ് ക്രൈം നമ്പർ 699/2015 u/s. 174 CrPC).

(ബി) ഉണ്ട്. അന്വേഷണം നടത്തിവരുന്നു. യുവാവിനെ പോലീസ് കസ്റ്റഡിയിൽ മർദ്ദിച്ചതായി വെളിവായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly